കഴിഞ്ഞ ആഴ്ചതന്നെ നിയമിച്ചിട്ടുണ്ട്. മറ്റ് ഉദ്യോഗസ്ഥരുടെ കാര്യം പറഞ്ഞത് പ്രത്യേകം ശ്രദ്ധിച്ച് ആ തസ്തികകൾ ഉടൻതന്നെ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇങ്ങനെയൊരു പ്രത്യേക സാഹചര്യത്തിൽ അവിടെ ഒരു ഗ്യാപ് വന്നുവെന്നത് ശരിയാണ്. അത് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ഇപ്പോൾ പ്രധാന തസ്തികയിലേക്കുള്ള പോസ്റ്റിംഗ് കഴിഞ്ഞിരിക്കുകയാണ്.

7. റിപ്പോർട്ടുകൾ സി.ഡി. രൂപത്തിൽ ലഭ്യമാക്കൽ

ശ്രീ. ഷാഫി പറമ്പിൽ: സർ, 40 അടി നീളവും 8 ഇഞ്ച് വ്യാസവുമുള്ള 24 മരങ്ങൾ വെട്ടിയാലാണ് ഒരു ടൺ പേപ്പർ പ്രിന്റ് ചെയ്യാൻ സാധിക്കുന്നത്. കേരളത്തിന്റെ ഭരണക്രമവുമായി ബന്ധപ്പെട്ട് നിരവധി തലങ്ങളിൽ ലക്ഷക്കണക്കിന് ടൺ പേപ്പർ ഉപയോഗിച്ച് കോടിക്കണക്കിന് രൂപയുടെ പ്രിന്റിംഗ് നടത്തിക്കൊണ്ടിരിക്കുന്നു. 124-ഓളം പൊതുമേഖലാ സ്ഥാപനങ്ങളുടെ ആറുകണക്കിന് പേജുള്ള റിപ്പോർട്ടുകൾ പ്രിന്റ് ചെയ്ത് ഈ സഭയിലും മറ്റ് സ്ഥലങ്ങളിലും സർക്കുലേറ്റ് ചെയ്യുന്നു. ആ റിപ്പോർട്ട് ആരും വായിക്കുന്നില്ലെന്ന് ഞാൻ പറയുന്നില്ല. അതാത് മേഖലകളിൽ താൽപ്പര്യമുള്ളവർ അത് വായിക്കുന്നുണ്ടാകും. എന്നാൽ അതിൽ പലതും ഒരുതവണപോലും മറിച്ച് നോക്കപ്പെടാതെ സ്റ്റാപ്പ് കടകളിലേക്കും മറ്റും പോവുകയാണെന്നുള്ള യാഥാർത്ഥ്യം ഞാൻ മറച്ചുവച്ചുകൊണ്ടുമാത്രം മറഞ്ഞിരിക്കാൻ സാദ്ധ്യതയുമില്ല. സഭയിലെ കാര്യം ഒരു സബ്മിഷനായി പറയേണ്ടതല്ലെന്നറിയാം. പക്ഷെ, ഞാൻ ഒരു കണക്കെടുത്തു. 13-ാം കേരള നിയമസഭയുടെ 14-ാം സമ്മേളനത്തിൽ ഏകദേശം 552 പേപ്പറുകൾ ലേ ഡൗൺ ചെയ്തിട്ടുണ്ട്. അതിനുപുറമേയാണ് 124 പൊതുമേഖലാ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ. നമ്മുടെ അസംബ്ലി പേപ്പർലെസ്സ് ആക്കുമെന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ പ്രഖ്യാപനം ആവേശത്തോടെയാണ് ഞങ്ങൾ കേട്ടത്. ഹിമാചൽ പ്രദേശ് നിയമസഭ പേപ്പർലെസ്സ് അസംബ്ലിയാക്കിയതിനുശേഷം ഒരു വർഷംകൊണ്ടുമാത്രം അവരുണ്ടാക്കിയ ലാഭം ഏതാണ്ട് 15 കോടി രൂപയാണ്. ഇ-ഗവേണൻസിന്റെ കാലഘട്ടത്തിൽ, ഇ-ഗവേണൻസ് ഗ്രീൻ ഗവേണൻസ് കൂടിയാവുകയാണെന്നുള്ള വസ്തുത തിരിച്ചറിഞ്ഞ് നിയമസഭാ പ്രവർത്തനങ്ങളിലും സർക്കാരിന്റെ മറ്റ് പ്രവർത്തനങ്ങളിലും പരമാവധി കടലാസ്സിന്റെ ഉപയോഗം കുറച്ച് പ്രകൃതിസൗഹൃദമാകാനുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിയണം. പുതിയ കാലഘട്ടം എം-ഗവേണൻസിലേക്ക് (മൊബൈൽ ഗവേണൻസ്) മാറുകയാണ്. ഗവൺമെന്റ് ഈ വർഷാവസാനം നടപ്പിലാക്കുമെന്ന് പറയുന്ന നിരവധി പദ്ധതികളുടെ ഡീറ്റെയിൽസ് ഞാൻ കണ്ടു. ബില്ലുകളും ഗവൺമെന്റ് നൽകുന്ന സർട്ടിഫിക്കറ്റുകളും ഗവൺമെന്റിന് നൽകുന്ന അപേക്ഷകളും മൊബൈൽ

LIBRARY ARCHIVES Kerala Legislative Assembly

ആപ്പിലൂടെ നൽകാൻ കഴിയുന്ന ടെക്നോളജി നിലവിലുണ്ട്. സാമ്പത്തികമായും സമയത്തിന്റെ കാര്യത്തിലും സൗകര്യതയുടെ കാര്യത്തിലും വേഗത്തിന്റെ കാര്യത്തിലുമൊക്കെ ധാരാളം മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുമ്പോൾ അതിന് നേതൃത്വം നൽകേണ്ടത് നിയമസഭാ പ്രവർത്തനങ്ങളിൽ കൂടിത്തന്നെയാണ്. നമ്മുടെ ഓരോരുത്തരുടെയും മുന്നിലുള്ള മേശപ്പുറത്തിരിക്കുന്ന ഈ പേപ്പറുകൾ അനിവാര്യതയല്ല. അതിനുപകരം ഹിമാചൽ പ്രദേശ് അസംബ്ലിയിൽ ഉള്ളതുപോലെ ടച്ച് സ്ക്രീൻ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഇവിടെയും വന്നാൽ പ്രിന്റിംഗിന് വേണ്ടി നാം വെട്ടുന്ന മരങ്ങളെ സംരക്ഷിക്കാൻ കഴിയും. അതുകൊണ്ട് അത്തരത്തിലുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകണം. കേന്ദ്രഗവൺമെന്റ് സഹായത്തിന് കത്തെഴുതിയിട്ടുണ്ടെന്ന് പറഞ്ഞു. കേന്ദ്ര സഹായത്തിന് കാത്തുനിൽക്കാതെ സംസ്ഥാന ഗവൺമെന്റിന്റെ ഐ.ടി. ഡിപ്പാർട്ടുമെന്റിൽനിന്നോ മറ്റോ ഫണ്ട് കണ്ടെത്തി ഇതിന്റെ പ്രവർത്തനങ്ങൾക്ക് അടിയന്തരമായി തുടക്കം കുറിക്കാൻ ഗവൺമെന്റിന് കഴിയുമോ? ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറും ഒരു തീരുമാനമെടുത്തിരുന്നു. അത് നടപ്പിലാക്കാനുള്ള കൂടുതൽ നടപടികളെക്കുറിച്ചുകൂടി പറയണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, കടലാസ് രഹിത ഡിജിറ്റൽ നിയമസഭയാക്കുമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പ്രഖ്യാപിച്ചതിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് നിയമസഭാംഗമായ ശ്രീ. ഷാഫി പറമ്പിൽ ഇത്തരത്തിലൊരു സബ്മിഷൻ കൊണ്ടുവന്നിട്ടുള്ളതെന്ന് കരുതുന്നു. അദ്ദേഹം പറഞ്ഞത് വളരെ നല്ല ആശയമാണ്. ആ ആശയം പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിന് ഏതൊക്കെ വിധത്തിൽ സാധിക്കുമെന്നുള്ളത് ഗവൺമെന്റ് പരിശോധിക്കും. ടി പദ്ധതി പൂർണ്ണരൂപത്തിൽ കേരളത്തിൽ നടപ്പിലാക്കിയാൽ, വിഷയത്തിൽ സൂചിപ്പിച്ചിട്ടുള്ള പരിസ്ഥിതി സൗഹൃദ കടലാസ് രഹിത നിയമസഭ സാദ്ധ്യമാക്കുന്നതുപോലെ തന്നെ മറ്റ് മേഖലകളിലും സാധ്യമാക്കാൻ കഴിയും. ഏതായാലും ഇതൊരു നല്ല ആശയമാണ്. വളരെ പെട്ടെന്ന് ചിലപ്പോൾ സാദ്ധിച്ചുവെന്ന് വരില്ല. എന്നാലും ഏറ്റവും വേഗത്തിൽ സാദ്ധ്യതകൾ പരിശോധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

മി. സ്പീക്കർ : ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച സബ്മിഷൻ വളരെ പ്രധാനപ്പെട്ടതാണ്. കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റം നിയമസഭയും സ്വീകരിക്കേണ്ടതുണ്ട്. അതിന്റെ ശ്രമങ്ങളാണ് നടത്തിവരുന്നത്. കഴിഞ്ഞ 20-ാം തീയതി ബാങ്ക്വറ്റ് ഹാളിൽ നടന്ന പരിപാടി എല്ലാവർക്കും അറിയാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യോത്തരങ്ങൾ കമ്പ്യൂട്ടറിൽ ആക്കുന്ന LAIS-ന്റെ ഉദ്ഘാടനമാണ് അന്ന് ബഹുമാനപ്പെട്ട് മുഖ്യമന്ത്രി നിർവ്വഹിച്ചത്. അന്നും ഞാൻ ഒരു കാര്യം സൂചിപ്പിച്ചിരുന്നു. പേപ്പർലെസ് നിയമസഭയാക്കി മാറ്റുന്നതിനുള്ള ശ്രമം ഇന്ത്യയിലെ പല നിയമസഭകളും തുടങ്ങിയിട്ടുണ്ട്. ഹിമാചൽ പ്രദേശ് നിയമസഭ ഇതിനകംതന്നെ അത് പൂർണ്ണമായും നടപ്പിലാക്കിക്കഴിഞ്ഞു. മറ്റ് ചില നിയമസഭകൾ കേന്ദ്ര ഗവൺമെന്റിന്റെ സഹായം ചോദിച്ചിട്ടുണ്ട്. നമ്മളും ആ വഴിക്ക് നീങ്ങണമെന്നു തന്നെയാണ് ചെയറിന്റെ ആഗ്രഹം. ഇതുസംബന്ധിച്ച് അധികം താമസിയാതെ വിവിധ രാഷ്ട്രീയ കക്ഷി നേതാക്കന്മാരുടെ യോഗം വിളിച്ചുചേർക്കും. ആ യോഗത്തിൽ എടുക്കുന്ന തീരുമാനത്തിനനുസരിച്ച് മറ്റ് നടപടികൾ നമുക്ക് സ്വീകരിക്കാം. ഇത് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്ന കാര്യവുമാണ്. കേന്ദ്ര ഗവൺമെന്റിനോട് ആവശ്യമായ സഹായം ചോദിക്കണം. മുഴുവൻ തുകയും കേന്ദ്രത്തിൽനിന്ന് കിട്ടിയെന്ന് വരില്ല. ബാക്കി തുക കണ്ടെത്തേണ്ടതുണ്ട്. ഇപ്പോൾ തുടക്കം കുറിച്ചാലും 13-ാം കേരള നിയമസഭയിൽ പൂർണ്ണമായും പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നില്ലെങ്കിലും അധികം കഴിയുന്നതിനുമുമ്പ് കേരള നിയമസഭയിലും ഇത് യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമം വിവിധ രാഷ്ട്രീയകക്ഷി നേതാക്കന്മാരുമായി ആലോചിച്ച് സ്വീകരിക്കുന്നതാണെന്ന് സഭയെ അറിയിക്കുന്നു.

8. ഖാദി മേഖലയിലെ പ്രശ്നങ്ങൾ

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : സർ, ഖാദി എന്നത് കേവലം ഒരു ടെക്സ്റ്റൈൽ ഉൽപ്പന്നം മാത്രമല്ല. അത് ദേശീയത്വത്തിന്റെയും രാജ്യസ്നേഹത്തിന്റെയും സ്വാശ്രയത്വത്തിന്റെയും പ്രതീകം കൂടിയാണ്. ആ മേഖലയിൽ ജോലി ചെയ്യുന്നവരിൽ അധികവും പാവപ്പെട്ട സ്ത്രീകളാണ്. ഖാദി മേഖലയുടെ ഇന്നത്തെ സ്ഥിതി അത്യന്തം പരിതാപകരമാണ്. വളരെ തുച്ഛമായ ശമ്പളമാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത്. റിബേറ്റ് കാലാകാലങ്ങളിൽ കൊടുക്കാത്തതുകൊണ്ട് അതിന്റെ ആനുകൂല്യം ആളുകൾക്ക് കിട്ടുന്നില്ല, ഉൽപ്പന്നങ്ങൾ യഥാസമയം വിറ്റഴിക്കപ്പെടുന്നില്ല. അതുപോലെ ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് സർക്കാർ കൊടുക്കേണ്ട വിഹിതം യഥാസമയം കൊടുക്കാത്തതുമൂലം അവർക്ക് പെൻഷനും ആനുകൂല്യങ്ങളും കൊടുക്കാൻ പറ്റുന്നില്ലെന്നുള്ളതാണ് സ്ഥിതി. ഇങ്ങനെ നിരവധി പരാതികളുണ്ട്. ഇടിവെട്ടേറ്റവനെ പാമ്പ് കടിച്ചുവെന്ന് പറയുന്നതുപോലെ ഇപ്പോൾ ഖാദി ഉൽപ്പന്നങ്ങൾക്ക് ടാക്സ് ചുമത്താനുള്ള നിർദ്ദേശം വന്നിരിക്കുന്നുവെന്നാണ് പറയപ്പെടുന്നത്. കഴിഞ്ഞ വർഷം ഈ നിർദ്ദേശം ഉണ്ടായിരുന്നു. വിവിധ ഭാഗത്തു നിന്നുള്ള അഭിപ്രായങ്ങൾ മാനിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly